**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**

**Hazrat Khalifathullah Munir Ahmad Azim (A)**

**4 August 2017 / 11 Dhul Qaddah 1438 Hijira)**

## Sura Al-Bayyina (Chapter : 98) / സൂറ : അൽബയ്യിന : അദ്ധ്യായം : 98

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം സൂറ : അൽബയ്യിന എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

1. പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ
2. ഗ്രന്ഥാനുസാരികളിൽ നിന്നും ബഹുദൈവ വിശ്വാസികളിൽ നിന്നുമുള്ള സത്യനിഷേധികൾ നിങ്ങൾക്ക് വ്യക്തമായ തെളിവ് വന്നു കിട്ടുന്നതുവരെ (അവരുടെ അവിശ്വാസത്തിൽ നിന്ന്) വിരമിക്കുന്നവരായിരുന്നില്ല.
3. അതായത് അല്ലാഹുവിൽ നിന്നുള്ള ഒരു ദൂതൻ അദ്ദേഹം പവിത്രമായ ഏടുകൾ വായിച്ചു കേൾപ്പിക്കുന്നു.
4. അതിൽ നിലനില്ക്കുന്നതായ മതവിധികളുണ്ട്.
5. ഗ്രന്ഥം നല്കപ്പെട്ടിട്ടുള്ളവർ തങ്ങൾക്ക് വ്യക്തമായ തെളിവ് വന്നു കിട്ടിയതിന് ശേഷമല്ലാതെ ഭിന്നിച്ചിട്ടില്ല.
6. അനുസരണത്തിൽ അല്ലാഹുവിനോട് ആത്മാർത്ഥത പുലർത്തുന്നവരും ഏകാഗ്രമാനസരുമായി അല്ലാഹുവിനെ ആരാധിക്കുവാനും നമസ്ക്കാരം നിലനിർത്തുവാനും സക്കാത്ത് കൊടുക്കുവാനും വേണ്ടിയല്ലാതെ അവരോട് ആജ്ഞാപിക്കപ്പെട്ടിരുന്നില്ല. അതത്രെ ശാശ്വത സത്യത്തിൽ അധിഷ്ഠിത മതം.
7. ഗ്രന്ഥനുസാരികളിൽ നിന്നും ബഹുദൈവ വിശ്വാസികളിൽ നിന്നും അവിശ്വസിച്ചവർ തീർച്ചയായും നരകാഗ്നിയിൽ പതിക്കും. അതിൽ അവർ ചിരകാല വാസികളായിരിക്കും. സൃഷ്ടികളിൽ വച്ച് ഏറ്റവും നികൃഷ്ടർ അവരത്രെ.
8. വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരാരോ

അവർതന്നെയാണ് സൃഷ്ടികളിലേറ്റവും ഉൽകൃഷ്ടർ

9. തങ്ങളുടെ നാഥന്റെ സവിധത്തിൽ അവർക്കുള്ള പ്രതിഫലം എന്നെന്നും നിലനില്ക്കുന്ന ഉദ്യാനങ്ങളാകുന്നു. അവയുടെ താഴ്‌വാരത്തുകൂടെ അരുവികൾ ഒഴുകികൊണ്ടിരിക്കും. അവരതിൽ എന്നെന്നും വസിക്കുന്നവരായിരിക്കും. അല്ലാഹു അവരെക്കുറിച്ച് സംതൃപ്തനായി അവർ അവനെകുറിച്ചും സംതൃപ്തരായി തന്റെ നാഥനെ ഭയപ്പെടുന്നവർക്കുള്ളതാണത്.

ദൈവീക സന്ദേശത്തിൽ നിന്ന് വിദൂരത്താകുന്നതും, അവർ സ്വയം കണ്ടെത്തിയ സത്യത്തെ നിഷേധിക്കുന്നവരുമായവർക്കു ഈ സന്ദേശം ഫലദായകങ്ങളല്ല. പ്രസ്തുത ദൈവീകസന്ദേശങ്ങൾക്ക് വ്യക്തവും ശക്തവുമായ തെളിവുകളുണ്ടെങ്കിൽ പോലും അവരത് സ്വീകരിക്കുകയില്ല. കാരണം ഈ സത്യപ്രകാശത്തെ നിഷേധിക്കുന്നവർ ദുർവാശിക്കാരാണ്. ഈ വഴിയിലൂടെ അവരെന്തിനാണ് മുന്നേറുന്നത് ? അവരെ അത് കൊണ്ടെത്തിക്കുന്നത് ദൗർഭാഗ്യത്തിലേക്കാണ്. ശക്തവും വ്യക്തവുമായ തെളിവുകൾ അവരുടെ മുമ്പിൽ സമർപ്പിച്ചാൽ പോലും അവർ സ്വീകരിക്കില്ല. ജനങ്ങളെ ശരിയായ പാതയിൽ മാർഗ്ഗനിർദ്ദേശം നല്കുന്ന ഈ മതം വളരെ ലളിതമാണ്. അല്ലാഹുവിനെ ആരാധിക്കുക, അവന് വേണ്ടി സേവനം ചെയ്യുക. അവൻ സത്യവാനായ ദൈവമാകുന്നു. അവൻ സത്യസന്ധനുമാകുന്നു. നിഷ്ക്കളങ്കവും സംശുദ്ധവുമായ ഹൃദയത്തോടെ, പ്രാർത്ഥനാ മാധ്യമത്തിലൂടെ അവനെ സമീപിക്കുക. അത്തരം പ്രാർത്ഥനകൾ ആത്മാർത്ഥയിലധിഷ്ഠിതമായിരിക്കണം. എല്ലാ ജനങ്ങൾക്കുമുള്ള സേവനത്തിനായി നിങ്ങളെ സ്വയം അർപ്പിച്ചുകൊണ്ട് ഔദാര്യത്തോടെയും ഉത്തരവാദിത്വത്തോടെയും പ്രവർത്തിക്കുക. അല്ലാഹുവിന്റെ അഖില സൃഷ്ടിജാലങ്ങളോടുമുള്ള സ്നേഹവായ്പ് ഉൾക്കൊണ്ടുകൊണ്ടായിരിക്കണം ഈ പ്രവർത്തനങ്ങൾ സമർപ്പിക്കേണ്ടത്. ഒരു വ്യത്യാസവും കല്പിക്കാതെ അല്ലാഹു നമ്മെ എല്ലാവരെയും സ്നേഹിക്കുന്നു. തത്ഫലമായി നമുക്ക് നമ്മെപോലുള്ളവരോട്, മറിച്ചൊരു തോന്നൽ ഉണ്ടാകാൻ പാടില്ല. തീർച്ചയായും ഉണ്ടാകാൻ പാടില്ല. ഇതിന് വിപരീതമായി ചെയ്താൽ ദൈവത്തിന്റെ അനുഗ്രഹത്തെ നിരാകരിക്കുന്നതിന് തുല്യമായി പോകും. വിശ്വാസവും നന്മ നിറഞ്ഞ ജീവിതവും നമ്മെ നേരിട്ട് ജീവിതലക്ഷ്യത്തിലേക്ക് നയിക്കുന്നു.

അതായത് പ്രശോഭിതവും അനന്തവുമായ ആരാമങ്ങൾ കരസ്ഥമാക്കുവാൻ, തന്റെ രക്ഷിതാവിന്റെ സവിധത്തിൽ ആത്മാവ് സന്തുഷ്ടിയിലാകുവാനും ആനന്ദത്തിലാറാടുവാനും,ദൈവീകമായ അനുഭവം പരസ്പരം (പങ്കുവെയ്ക്കുവാനും സാധിക്കുന്നു) അതായത് ആത്മാവ് അല്ലാഹുവിൽ സംതൃപ്തി അടയുകയും അതുപോലെ അല്ലാഹു അവനിൽ സംപ്രീതനായി തീരുകയും ചെയ്യുക.

ഈ മഹത്തായ ആനന്ദസംതൃപ്തി, പരസ്പരപൂരകമായ സംതൃപ്തി ഒരു ഉദാഹരണത്തിലൂടെ കൂടുതൽ നന്നായി ഗ്രഹിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

ഒരു മാതാവ് തന്റെ കുഞ്ഞിനെ സ്നേഹിക്കുന്നു. പ്രസ്തുത കുഞ്ഞിന് വേണ്ടതെല്ലാം നല്കുന്നു. മാനവസമുദായത്തിൽ നല്ല നിലയിൽ ജീവിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും അവനായി ഒരുക്കുന്നു. പ്രസ്തുത മാതാവ് പ്രസ്തുത കുട്ടിക്ക് ആവശ്യമായ സദുപദേശങ്ങൾ നല്കുന്നു. അവന് ആവശ്യമുള്ളതെല്ലാം അവൾ നല്കുന്നു. പ്രസ്തുത കുട്ടി ഈ കാര്യങ്ങളൊക്കെ നന്ദിപൂർവ്വം സ്വീകരിക്കുന്നു. പ്രയോജനപ്പെടുത്തുന്നു. തന്റെ മാതാവിന്റെ ഉപദേശങ്ങളും ദയാവായ്പും തന്റെ ജീവിതത്തിൽ പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്നു.

ഒരു ദിവസം ഈ കുട്ടി സ്ക്കൂളിൽ പോകുന്നു. അവന്റെ മാതാവ് അവന് ഇഷ്ടപ്പെട്ട കേക്ക് ഉണ്ടാക്കി അവൻ സ്ക്കൂളിൽ നിന്നും വരുമ്പോൾ കൊടുക്കുവാനായി തയ്യാർ ചെയ്യുന്നു. സ്ക്കൂളിൽ നിന്നും കുട്ടി വീട്ടിൽ എത്തിയപ്പോൾ, അവന്റെ നാസാരന്ധ്രങ്ങളിൽ ഈ കേക്കിന്റെ മണം അനുഭവപ്പെടുന്നു. ഇപ്രകാരം ആ കുട്ടിയ്ക്ക് മാതാവിനോടുള്ള സ്നേഹം വർദ്ധിക്കുന്നു : വളരുന്നു. പ്രസ്തുത കേക്ക് മാതാവ് മകന് നല്കുമ്പോൾ അവൻ സന്തോഷവാനായി. മാതൃസന്നിധിയിൽ കഴിയുമ്പോൾ മാതാവിന്റെ സംതൃപ്തിയും അവന്റെ സന്തോഷവും അസാധാരണമായ നിലവാരത്തിലേക്കുയരുന്നു. (തന്റെ കുട്ടിയെ കരുതി) മാതാവ് കേക്ക് തയ്യാറാക്കുമ്പോൾ അവരുടെ സംതൃപ്തി വളരെ കൂടുതലായിരിക്കും. സ്ക്കൂളിൽ നിന്ന് വീട്ടിലേക്ക് മടങ്ങിവരുമ്പോൾ, കുട്ടിയുടെ സന്തോഷം കാണുമ്പോൾ, കുട്ടിയുടെ സംതൃപ്തിയും സന്തോഷവും ദർശിക്കുമ്പോൾ, കേക്കിന്റെ മണം നുകരുമ്പോൾ കുട്ടിയും സന്തോഷം പങ്കിടുന്നു. തത്ഫലമായി മാതാവിന്

ലഭ്യമാകുന്ന സംതൃപ്തിയും സന്തോഷവും വളരെ കൂടുതലായിരിക്കും. ഈ സംതൃപ്തിയും സന്തോഷവും കുട്ടിയേയും സ്വാധീനിക്കുന്നു. ചുരുക്കത്തിൽ ഈ സന്തോഷ സംതൃപ്തി രണ്ടു പേർക്കുമിടയിൽ വ്യാപിക്കുന്നു. ഈ രീതിയിൽ (അതായത് സ്നേഹവും സന്തോഷവും) ആതമാവിനെ പ്രശോഭിതമാക്കുന്നു.

ഈമാനിലൂടെ ഈ പറയപ്പെട്ട മാനസികാവസ്ഥയിലേക്ക് എത്തിച്ചേരുവാൻ നമുക്ക് കഠിനയത്നം ചെയ്യാം. നന്മ നിറഞ്ഞ ചിന്തകളാലും, നന്മയിലധിഷ്ഠിതമായ പ്രവർത്തനങ്ങളാലും അല്ലാഹുവിന്റെ സന്മനസ്സിൽ നിന്നുള്ള അഭിനന്ദനം ഏറ്റുവാങ്ങുവാൻ പരിശ്രമിക്കാം.

## വചനങ്ങൾ 2 & 3

ഗ്രനാനുസാരികളിൽ നിന്നും ബഹുദൈവവിശ്വാസികളിൽ നിന്നുമുള്ള സത്യനിഷേധികൾക്ക് വ്യക്തമായ തെളിവു വന്നുകിട്ടുന്നതുവരെ (അവരുടെ അവിശ്വാസത്തിൽ നിന്ന്) വിരമിക്കുന്നവരായിരുന്നില്ല (അതായത് അല്ലാഹുവിൽ നിന്നുള്ള ഒരു ദൂതൻ അദ്ദേഹം പവിത്രമായ ഏടുകൾ വായിച്ചു കേൾപ്പിക്കുന്നു.

**a)** ഗ്രന്ഥാനുസാരികൾ എന്ന് ഇവിടെ പരാമർശിക്കപ്പെട്ടിരിക്കുന്നത് ജൂതന്മാരെയും ക്രിസ്ത്യാനികളെയുമാകുന്നു. അവർക്ക് വേദഗ്രന്ഥങ്ങൾ ലഭിച്ചിട്ടുണ്ടായിരുന്നു. നമ്മുടെ പരിശുദ്ധപ്രവാചകൻ മുഹമ്മദ് (സ) ന് ലഭിച്ചതുപോലെ ! ഈ അതിമഹാനായ പ്രവാചകന്റെ ആഗമനത്തെ അംഗീകരിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾകൂടിയാണ് പ്രസ്തുത ജൂതക്രൈസ്തവ വേദഗ്രന്ഥങ്ങൾ കൊണ്ടുദ്ദേശിച്ചിരുന്നത്. അതായത് ഹസ്റത്ത് മുഹമ്മദ് (സ) നെ ജൂതരുടെ പരിശുദ്ധഗ്രന്ഥത്തിൽ അല്ലാഹു (ത) അവരോട് വാഗ്ദാനം ചെയ്തിരുന്നു. അതായത് അവൻ അല്ലാഹു അവരുടെ സഹോദരങ്ങളിലേക്ക് മുസാ (അ) നെ പോലെ ഒരു പ്രവാചകനെ നിയോഗിക്കുന്നതാണ് എന്ന് ! കാരണം അറബികൾ അവരുടെ സഹോദരങ്ങളും കസിൻസുകളുമായിരുന്നു, ബൈബളിൽ ഇതു സംബന്ധമായി പറയുന്നത്, (ഞാൻനിങ്ങളുടെ രക്ഷകൻ) നിന്നെ (മോസസ്) പോലെ ഒരു പ്രവാചകനെ അവർക്ക് വേണ്ടി അവരുടെ സഹോദരങ്ങളിൽ നിന്നും ഉയർത്തുന്നതാണ്. ഞാൻ എന്റെ വചനങ്ങൾ അവന്റെ വായിൽ നിക്ഷേപിക്കുന്നതാണ്. ഞാൻ കല്പിച്ചതെല്ലാം അവൻ അവരോട് പറയും (സങ്കീർത്തനങ്ങൾ 18:18) ഹസ്രത്

ഈസ (അ) ഒരു ആശ്വാസകന്റെ വരവിനെ സംബന്ധിച്ച് പ്രവചിച്ചിട്ടുണ്ട്, വാഗ്ദാനം ചെയ്തിട്ടുണ്ട്. അവന്റെ പേരും ഉദ്ധരിച്ചിരിക്കുന്നു. (ജോൺ 14 : 26, 15 : 26, 15 : 7)

സ്ഥാപിതമായ യഥാർത്ഥമതത്തെ ഗ്രന്ഥാനുസാരികൾ ഉപേക്ഷിച്ചിരിക്കുന്നു. അവർ അത് ഉപേക്ഷിച്ച് പലവഴികൾ പിരിഞ്ഞുപോയി. യഥാർത്ഥപാതയായ നേർപാത സ്വീകരിക്കുവാൻ അവർ തയ്യാറായില്ല. വാഗ്ദത്ത പ്രവാചകന്റെ സത്യത ബോധ്യപ്പെടുത്തേണ്ടതാണ് എന്നവർ പ്രഖ്യാപിച്ചു. പ്രസ്തുത പ്രവാചകൻ ആഗതനാകുമ്പോൾ ! എന്നാൽ വാഗ്ദത്ത പ്രവാചകൻ അവർക്കായി ആഗതനായപ്പോൾ മുഹമ്മദ് (സ) ന്റെ രൂപത്തിൽ അവർ അദ്ദേഹത്തെ തിരസ്ക്കരിച്ചു. കാരണം, സത്യത്തിൽ അവർ സത്യത്തെ അന്വേഷിച്ചില്ല. അവർ അവരുടെ ശാരീരിക ഇച്ഛകളെ പിന്തുടരുക മാത്രമാണ് ചെയ്തത്.

**b)** കഴിഞ്ഞ കാലഘട്ടങ്ങളിൽ, വിഗ്രഹാരാധകർ, അതായത് അല്ലാഹുവിനോടൊപ്പം മറ്റു ദൈവങ്ങളെയും, ആരാധിച്ചിരുന്നവരും, പല ദേവതകളിൽ വിശ്വസിക്കുന്നവരും വേദഗ്രന്ഥങ്ങളെ അംഗീകരിച്ചിരുന്നില്ല. അവർക്ക് വ്യക്തും ശക്തവുമായ ഒരു തെളിവ് വന്നു കിട്ടിയാൽ, അതു മനസ്സിലാക്കുകയും അതിനെ അംഗീകരിക്കുകയും ചെയ്യേണ്ടത് അവരുടെ കടമ ആയിരുന്നു. പകരം വിശുദ്ധപ്രവാചകൻ മുഹമ്മദ് (സ) ദൈവീക സന്ദേശവുമായി ആഗതനായപ്പോൾ അവർ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ സന്ദേശത്തെയും നിരസിക്കുകയാണ് ചെയ്തത്. (അതായത് ദൈവീക സന്ദേശത്തെ തിരസ്ക്കരിച്ചു) ഇത് വ്യക്തമായും നമ്മെ പഠിപ്പിക്കുന്നത്, യഥാർത്ഥത്തിൽ അവർ സത്യാന്വേഷകരായിരുന്നില്ലഎന്നാണ്. അവർ അവരുടെ ഇച്ഛകൾക്കനുസൃതമായി ജീവിക്കുവനാണ് താത്പര്യപ്പെട്ടത്.

**c)** ശക്തവും വ്യക്തവുമായ തെളിവ്, അതായത് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) അദ്ദേഹത്തിന്റെ ജീവിതം, അദ്ദേഹത്തിന്റെ വ്യക്തി മഹത്വം, അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ, മാനവകുലത്തിന് മൊത്തത്തിൽ വ്യക്തമായ തെളിവായിരുന്നു. ഇതെല്ലാം ഒരു മനുഷ്യൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ മഹത്വത്തിന്റെ തെളിവുകളാണ്. ഒരു സമ്പൂർണ്ണ പ്രവാചകൻ എന്നതിന്റെ

തെളിവുകളുമാണ്. എല്ലാ നിലയിലും എല്ലാ അർത്ഥത്തിലും ലോകം ഇന്നേവരെ സാക്ഷ്യം വഹിച്ചിട്ടില്ലാത്ത ഒരു സമ്പൂർണ്ണ മാതൃകാ പുരുഷൻ എന്നതിന്റെ തെളിവുകളാണ് മുഹമ്മദ് (സ) ലൂടെ പ്രകടമായത്. ചുരുക്കത്തിൽ അദ്ദേഹം ഒരു സമ്പൂർണ്ണമാതൃകപുരുഷൻ തന്നെ ആയിരുന്നു.

## വചനം 4

## ശരിയായതും നേരായതുമായ അല്ലാഹുവിൽ നിന്നുള്ള നിയമങ്ങൾ അതിലുണ്ട്.

ഖയ്യും ശരിയായ ആശയങ്ങളാൽ വലയം ചെയ്തിരിക്കുന്നു. വഴിപിഴച്ച മാർഗത്തെയും എടുത്തുകാണിച്ചിരിക്കുന്നു. ശരിയും തെറ്റും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. താത്ക്കാലികമായതും ശാശ്വതമായതും വ്യാഖാനിച്ചിരിക്കുന്നു. നിർവ്വചിച്ചിരിക്കുന്നു. അല്ലാഹുവിൻ നിന്നും ഈ വായിക്കപ്പെടുന്ന ഏടിൽ, എല്ലാ നേർവഴികളും വലയം ചെയ്തിരിക്കുന്നു. ഈ ഗ്രന്ഥത്തിലാണ് സന്മാർഗ്ഗ നിയമങ്ങൾ എഴുതപ്പെട്ടിരിക്കുന്നത്. അല്ലാഹു (ത) നമുക്ക് നമ്മുടെ ജീവിതം ശരിയായ നിലയിൽ ഇവിടെ നയിക്കേണ്ടത് എങ്ങനെ എന്ന് പഠിപ്പിച്ചിരിക്കുന്നു. ദൈവീക കല്പനയ്ക്ക് കീഴിൽ നമുക്ക് എപ്പോഴും എങ്ങനെ കഴിഞ്ഞുകൂടാൻ സാധിക്കും എന്ന് നമ്മെ അത് പഠിപ്പിക്കുന്നു. നമ്മുടെ ജീവിതം നമുക്ക് എപ്പോഴും എങ്ങനെ ലളിതരമാക്കാം. ശരിയായ നിലയിലാക്കാം, ദൈവഭയത്തിലും നേർവഴിയിലുമാക്കാം എന്നും നമ്മെ അതു പഠിപ്പിക്കുന്നു. നമ്മുടെ ഹൃദയങ്ങളിൽ അല്ലാഹുവിനോടുള്ള സ്നേഹം എപ്പോഴും എങ്ങനെ നിലനിർത്താം എന്നും പഠിപ്പിക്കുന്നു.

## വചനം 5

## ഗ്രന്ഥം നല്കപ്പെട്ടിട്ടുള്ളവർ തങ്ങൾക്ക് വ്യക്തമായ തെളിവ് വന്നു കിട്ടിയതിനുശേഷമല്ലാതെ ഭിന്നിച്ചിട്ടില്ല.

ഗ്രന്ഥാനുസാരികളുടെഉത്തരവാദിത്വംദേവതകളെ ആരാധിക്കുന്നവരേക്കാൾ വളരെ കൂടുതലാണ്. കാരണം ഗ്രന്ഥാനുസാരികൾക്ക് മുന്നറിയിപ്പ് ലഭ്യമായിട്ടുണ്ട്, അവർക്ക് ലഭ്യമായ വെളിപാടുകളിൽ കൂടി അവർക്ക് സ്വയം

തയ്യാറെടുക്കുവാനുള്ള അവസരവും ലഭിച്ചിട്ടുണ്ട്. ഇതെല്ലാം ലഭ്യമായിരുന്നിട്ടും ശക്തവും വ്യക്തവുമായ തെളിവുകൾ അവർക്ക് ഇസ്ലാമിലൂടെ ലഭ്യമായിട്ടും അവർ അതിനെ തള്ളിക്കളഞ്ഞു. ഈ മതം ഇല്ലായിരുന്നെങ്കിൽ, നിങ്ങളുടെ അഭിപ്രായമനുസരിച്ച്, പിന്നെന്താണുള്ളത് ? മതത്തിൽ അവ്യക്തമായി ഒന്നുമില്ലായിരുന്നുവോ ? മതചടങ്ങളുകളായി ഒന്നുമില്ലായിരുന്നുവോ ? മതാചാരങ്ങളുമില്ലായിരുന്നുവോ ?

ഈ മൂന്ന് ശാശ്വത തത്വങ്ങൾ ഞാൻ എടുത്തു ഉദ്ധരിക്കുകയാണ്. അവ എല്ലാ കാര്യങ്ങളുടെയും സംഗ്രഹമാണ്. അത് താഴെപറയുന്ന വചനത്തിന്റെ വ്യാഖ്യാനത്തിലൂടെ സുവ്യക്തമാകുന്നതാണ്.

## വചനം 6

അനുസരണത്തിൽ അല്ലാഹുവിനോട് അനുസരണം പുലർത്തുന്നവരും ഏകാഗ്രമാനസരുമായി അല്ലാഹുവിനെ ആരാധിക്കുവാനും നമസ്ക്കാരം നിലനിർത്തുവാനും സക്കാത്ത് കൊടുക്കുവാനും വേണ്ടിയല്ലാതെ അവർ ആജ്ഞാപിക്കപ്പെട്ടിരുന്നില്ല അതാണ് ശരിയായ മതം

## മതത്തിന്റെ ശാശ്വതമായ മൂന്ന് തത്വങ്ങൾ

1. പരം പൊരുളായ അല്ലാഹുവിനോട് ആത്മാർത്ഥമായ ഭക്തി ഉണ്ടായിരിക്കുക.
2. പ്രാർത്ഥനയും ദൈവസ്തോത്രവും മനുഷ്യനെ ദൈവത്തോടും ആത്മീയലോകത്തോടും അടുപ്പിക്കുന്നു.
3. ദൈവസൃഷ്ടികൾക്ക് ഔദാര്യപൂർവ്വം സേവനം ചെയ്യുക. അതു ദാനധർമ്മങ്ങളിലൂടെയും നന്മനിറഞ്ഞ പ്രവർത്തിയിലൂടെയുമാകണം

## വചനം 7

ഗ്രന്ഥാനുസാരികളിൽ നിന്നും ബഹുദൈവവിശ്വാസികളിൽ നിന്നും അവിശ്വസിച്ചവർ തീർച്ചയായും നരകാഗ്നിയിൽ പതിക്കും. അതിൽ അവർ ചിരകാലവാസികളായിരിക്കും. സൃഷ്ടികളിൽ വച്ച് ഏറ്റവും നികൃഷ്ടർ അവരത്രെ.

നന്മയും തിന്മയും വേർതിരിച്ചറിയുവാനുള്ള കഴിവ് പ്രദാനം ചെയ്ത ശേഷം ഒരുവൻ സത്യത്തെ മനഃപൂർവ്വം നിഷേധിക്കുകയാണെങ്കിൽ, മറ്റുള്ളവരോട് നീതിപൂർവ്വംവർത്തിക്കുന്നുമില്ലെങ്കിൽ,ബുദ്ധിവൈഭവം നല്കിയനുഗ്രഹിക്കപ്പെട്ട ഒരു ജീവി കാണിക്കുന്ന ഏറ്റവും വലിയ ഭ്രാന്താണത് ! ഈ ഭ്രാന്ത് തീർച്ചയായും

അതിന്റെഅനന്തരഫലമായശിക്ഷയിലേക്കായിരിക്കും അവനെകൊണ്ട് ചെന്ന് എത്തിക്കുന്നത്.ഈശിക്ഷ എല്ലാബഹുദൈവാരാധകർക്കും നാശകാരികൾക്കും ബാധകമാകുന്നതാണ്. അവർ ഇബ്രാഹിം(അ) ന്റെ സന്താനങ്ങളാണ് എന്ന് പറയുകയാണെങ്കിൽ പോലും ! ക്രിസ്തുവിലൂടെ അവർ രക്ഷപ്പെട്ടിരിക്കുന്നു. പാപമുക്തി നേടിയിരിക്കുന്നു എന്ന് അവകാശപ്പെട്ടാലും ശരി ! അഥവാ അവർ ദേവതകളെ ആരാധിക്കുന്നവാരണന്ന് അവകാശപ്പെട്ടാലും ശരി ! അല്ലാഹുവിന്റെ കണ്ണുകളിൽ മഹത്വം വർഗ്ഗത്തിലോ വിശ്വാസത്തിലോ അല്ല കുടികൊള്ളുന്നത് ഇത് കുടികൊള്ളുന്നത് ബൗധികതയിലും നന്മയിലും അധിഷ്ഠതമായ നല്ല പെരുമാറ്റത്തിലാണ്. ആത്മാർത്ഥതയായിരിക്കണം അതിലേക്കുള്ള വഴി കാട്ടി. അല്ലാഹു(ത) വിശുദ്ധ ഖുർആനിൽ പറയുന്നു, നിശ്ചയമായും ദൈവവീക്ഷണത്തിൽ നിങ്ങളിൽ ഏറ്റവും ശ്രേഷ്ഠൻ ഏറ്റവുമധികം സൂക്ഷ്മത കൈകൊള്ളുന്നവനാണ്.

## വചനം 8

വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് സൃഷ്ടിളിലേറ്റവും ഉൽകൃഷ്ടർ

നമുക്ക് ഈ വചനത്തെ തൊട്ടുമുമ്പുള്ള വചനവുമായി താരതമ്യം ചെയ്തു നോക്കാം. ഒരുവൻ തന്റെ ജീവിതം നല്ല നിലയിൽ നയിക്കുന്നു. നല്ല പ്രവർത്തനങ്ങൾ ചെയ്യുന്നു. അപ്പോൾ അല്ലാഹു അവനെ ഭൂമിയിൽ അനുവദിച്ച സമയത്തോട് അവൻ നീതി പുലർത്തുന്നു. അടുത്തുവരാനിരിക്കുന്ന ലോകത്തിന് ആവശ്യമുള്ള തയ്യാറെടുപ്പുകൾ നടത്തുന്നു. അവന്റെ മരണശേഷം ഇതിനെക്കാൾ ഉത്തമമായ ഒരു ജീവിതത്തിലേക്ക് പ്രവേശിക്കുന്നു.

## വചനം 9

തങ്ങളുടെ നാഥന്റെ സവിധത്തിൽ അവർക്കുള്ള പ്രതിഫലം എന്നെന്നും നിലനില്ക്കുന്ന ഉദ്യാനങ്ങളാകുന്നു. അവരുടെ താഴ്ഭാഗത്തുകൂടെ അരുവികളൊഴുകിക്കൊണ്ടിരിക്കും. അവരതിൽ എന്നെന്നും വസിക്കുന്നവരായിരിക്കും. അല്ലാഹു അവരെക്കുറിച്ച് സംതൃപ്തനായി. അവർ അവനെക്കുറിച്ചും സംതൃപ്തരായി. തന്റെ നാഥനെ ഭയപ്പെടുന്നവർക്കുള്ളതാണത്.

അല്ലാഹുവിന്റെ തൃപ്തി ലഭിക്കുക എന്നത് ഏറ്റവും സന്തോഷകരമായ കാര്യം തന്നെയാണ്. ഇത് മുക്തി നേടാനുള്ള ഒരു വഴിയാണ്. ഈ സന്തോഷം കൊടുത്തു വാങ്ങുന്ന പ്രക്രീയയാണ്. അതായത് പരസ്പരപൂരകമാണ്.

സന്തോഷം രണ്ട് രീതിയിൽ പ്രകടിപ്പിക്കുന്നു. അല്ലാഹുവിൽ നിന്ന് മനുഷ്യനിലേക്ക്, മനുഷ്യനിൽ നിന്ന് അല്ലാഹുവിലേക്ക്. അല്ലാഹുവിന്റെ സാർവ്വദേശീയ ഇച്ഛ ഒരാൾക്ക് തിരിച്ചറിയുവാൻ കഴിയുകയാണെങ്കിൽ, അവൻ രക്ഷപ്പെട്ടിരിക്കുന്നു എന്ന് അവന് അവകാശപ്പെടാവുന്നതാണ്. അല്ലാഹുവിനോടുള്ള ഭയം രൂപപ്പെടുന്നത് അതിയായ സ്നേഹത്താലും, അഗാധമായ ആദരവിനാലുമാകുന്നു. അതാണ് യഥാർത്ഥ ഭയം. ആ ഭയം നമ്മുടെ ഉള്ളിലുണ്ടാകണം. ദൈവീക നിയമങ്ങൾക്കെതിരിൽ പോകാതിരിക്കുവാനും അല്ലാഹുവിന്റെ പരിശുദ്ധ ഇച്ഛകൾക്കെതിരാകാതിരിക്കുവാനും നമ്മെ അതു സഹായിക്കുന്നു. അത്തരം ഭയം നമ്മിൽ ഉടലെടുക്കുന്നത് അല്ലാഹുവിനോടുള്ള സ്നേഹാധിക്യം കൊണ്ടാണ്. പ്രസ്തുത ഭയം നമ്മിൽ തന്നെ, നമ്മുടെ ആഴങ്ങളിൽ നിന്ന് ഉയർന്ന വരേണ്ടതാണ്. അപ്പോൾ മാത്രമെ ഈ സ്നേഹം നമുക്ക് കാര്യങ്ങൾ കൂടുതൽ കൂടുതൽ ബോധ്യമാകുന്നു. അതായത് അല്ലാഹു ദൈവമാകുന്നു. അവൻ എല്ലാം കണ്ടു കൊണ്ടിരിക്കുന്നവനാമ് അഥവാ അവന്റെ സൃഷ്ടികൾ അഖിലത്തെിനേയും അവൻ സംരക്ഷിച്ചുകൊണ്ടിരിക്കുന്നു എന്ന ബോധ്യം നമ്മിൽ ആഴത്തിൽ വളർന്നു വരേണ്ടതുതന്നെയാണ്.

സൂറ : അൽബയ്യിനയുടെ വ്യഖ്യാനം പൂർണ്ണമായും ഗ്രഹിക്കുവാൻ അല്ലാഹു നമ്മെ എല്ലാവരേയും സഹായിക്കട്ടെ ! മനുഷ്യനെ സംബന്ധിച്ചിടത്തോളം അല്ലാഹുവിലേക്ക് എത്തിച്ചേരുക എന്നത് നിസ്സാരമായ ഒരു കാര്യമല്ല എന്ന് മനസ്സിലാക്കണം. അല്ലാഹുവിനോട് ഒരു വിശ്വാസിക്ക് യഥാർത്ഥ സ്നേഹം ഹൃദയത്തിലുണ്ടെങ്കിൽ അവന്റെ ലക്ഷ്യം നേടുന്നതിനു അവൻ സകലതും ചെയ്യും. അതുപോലെ അല്ലാഹുവും, അവന്റെ അധികാരത്തിൽപ്പെട്ടതെല്ലാം ചെയ്യും. പ്രസ്തുത വിശ്വാസി അവനോട് ചേർന്നു നില്ക്കുന്നതിനായി അവനുവേണ്ടി വേണ്ടതെല്ലാം ചെയ്യുന്നതാണ്. അതിലൂടെ അവന്റെ ആഗ്രഹങ്ങൾ നിറവേറും. അത് ഈ ലോകത്തായാലും ശരി, പരലോകത്തായാലും ശരി ! ആമീൻ

**Translated by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**